## പതിനാലാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 1054      10/06/2019 -ലെ മറുപടിക്ക്.

## ക്ഷേമ ബോർഡുകൾ

ചോദ്യം

**ശ്രീ.വി. കെ. സി. മമ്മത് കോയ:**

മറുപടി

**ശ്രീ. ടി.പി.രാമകൃഷ്ണൻ**

**(തൊഴിലും എക്സൈസും വകുപ്പ് മന്ത്രി)**

| | | | |
|---|---|---|---|
| (എ) | കേരളത്തിലെ വിവിധ തൊഴിലാളി ക്ഷേമ ബോർഡുകൾ ഏതൊക്കെയാണ്; | (എ) | തൊഴിൽ വകുപ്പിനു കീഴിൽ താഴെ പറയുന്ന 16 ക്ഷേമനിധി ബോർഡുകൾ പ്രവർത്തിച്ച് വരുന്നു.<br>1. കേരള കർഷക തൊഴിലാളി ക്ഷേമനിധി ബോർഡ്<br>2. കേരള മോട്ടോർ തൊഴിലാളി ക്ഷേമനിധി ബോർഡ്<br>3. കേരള ഷോപ്പ്സ് & കൊമേഴ്സ്യൽ എസ്റ്റാബ്ലിഷമെന്റ് വർക്കേഴ്സ് ക്ഷേമനിധി ബോർഡ്<br>4. കേരള ആഭരണ തൊഴിലാളി ക്ഷേമനിധി ബോർഡ്<br>5. കേരള ഈറ്റ കാട്ടുവള്ളി തഴ തൊഴിലാളി ക്ഷേമനിധി ബോർഡ്<br>6. കേരള കശുവണ്ടി തൊഴിലാളി ആശ്വാസ ക്ഷേമനിധി ബോർഡ്<br>7. കേരള തയ്യൽ തൊഴിലാളി ക്ഷേമനിധി ബോർഡ്<br>8. കേരള അബ്കാരി തൊഴിലാളി ക്ഷേമനിധി ബോർഡ്<br>9. കേരള കൈത്തറി തൊഴിലാളി ക്ഷേമനിധി ബോർഡ്<br>10. കേരള കള്ള് വ്യവസായ തൊഴിലാളി ക്ഷേമനിധി ബോർഡ്<br>11. കേരള ചെറുകിട തോട്ടം തൊഴിലാളി |

| | | | |
|---|---|---|---|
| | | | ക്ഷേമനിധി ബോർഡ്<br>12. കേരള തൊഴിലാളി ക്ഷേമനിധി ബോർഡ്<br>13. കേരള ബിൽഡിംഗ് ആന്റ് അദർ കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫയർ ബോർഡ്<br>14. കേരള ബീഡി & സിഗാർ തൊഴിലാളി ക്ഷേമനിധി ബോർഡ്<br>15. കേരള ചുമട്ടു തൊഴിലാളി ക്ഷേമനിധി ബോർഡ്<br>16 കേരള അസംഘടിത തൊഴിലാളി സാമൂഹ്യ സുരക്ഷ ബോർഡ് |
| **(ബി)** | ഏതുതരത്തിലാണ് ഇവയുടെ പ്രവർത്തന മൂലധനം സ്വരൂപിക്കുന്നത് എന്ന് വ്യക്തമാക്കാമോ; | **(ബി)** | അനുബന്ധമായി ചേർക്കുന്നു. |
| **(സി)** | വിവിധ ക്ഷേമ ബോർഡുകൾ ഒരു വർഷത്തിൽ ബന്ധപ്പെട്ട തൊഴിലാളികൾക്ക് നൽകുന്ന ആനുകൂല്യത്തേക്കാൾ കൂടുതൽ തുക ബോർഡുകളിലെ ജീവനക്കാരുടെ വേതനത്തിനായി നൽകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | **(സി)** | കേരള ആഭരണ തൊഴിലാളി ക്ഷേമനിധി ബോർഡിൽ തൊഴിലാളികൾക്ക് നൽകുന്ന ആനുകൂല്യത്തേക്കാൾ കൂടുതൽ തുക ബോർഡുകളിലെ ജീവനക്കാരുടെ വേതനത്തിനായി നൽകുന്നുണ്ട്. സെസ്സ് പിരിവിനെതിരെ സ്റ്റേ നിലനിൽക്കു ന്നതിനാൽ തൊഴിലാളി അംശാദായം മാത്രമാണ് നിലവിൽ ബോർഡിന്റെ പ്രധാന വരുമാനമാർഗ്ഗം. ആയതിനാൽ 2018 മാർച്ച് മാസം വരെയുള്ള ആനുകൂല്യങ്ങൾ മാത്രമാണ് വിതരണം ചെയ്യാൻ സാധിച്ചിട്ടുള്ളത്.<br><br>കേരള കശുവണ്ടി തൊഴിലാളി ആശ്വാസ ക്ഷേമനിധി ബോർഡിൽ ആകെ വരുമാനത്തിന്റെ പത്ത് ശതമാനം ആണ് ഭരണച്ചെലവിനായി പദ്ധതിയിൽ അനുവദിച്ചിട്ടുള്ളത്. എന്നാൽ കാലാകാലങ്ങളായുള്ള ജീവനക്കാരുടെ ശമ്പള പരിഷ്കരണ ആനുകൂല്യങ്ങളും മറ്റ് |

| | | | |
|---|---|---|---|
| | | | ആനുകൂല്യങ്ങളുടെയും വർദ്ധനവ് കാരണം അനുവദിച്ച പരിധിയിൽ കൂടുതൽ തുക ഭരണച്ചെലവ് ആകാറുണ്ട്. ആയതിന് സർക്കാരിൽ നിന്ന് സാധൂകരണം വാങ്ങാറാണ് പതിവ്. എന്നാൽ പെൻഷൻ ഉൾപ്പെടെയുള്ള ആനുകൂല്യ വിതരണത്തേക്കാൾ ബോർഡിന്റെ ഭരണച്ചെലവ് അധികരിക്കാറില്ല.<br><br>കേരള തൊഴിലാളി ക്ഷേമനിധി ബോർഡിൽ തൊഴിലാളികൾക്ക് നൽകുന്ന ആനുകൂല്യത്തേക്കാൾ കൂടുതൽ തുക ബോർഡുകളിലെ ജീവനക്കാരുടെ വേതനത്തിനായി നൽകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ഡി) | എങ്കിൽ പ്രസ്തുത പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുമോ എന്ന് അറിയിക്കാമോ? | (ഡി) | സാമ്പത്തിക ഭദ്രതയില്ലാത്ത ബോർഡുകൾ വരുമാനത്തിലുള്ള കുറവ് മൂലവും അധികരിച്ച ഭരണ ചെലവ് കാരണവും നിലനിൽക്കാൻ പ്രയാസപ്പെടുന്നവയാണ്. ഈ സാഹചര്യത്തിൽ സമാന സ്വഭാവമുള്ള ക്ഷേമനിധി ബോർഡുകളെ ഏകീകരിച്ചുകൊണ്ട് ക്ഷേമനിധി ബോർഡുകളുടെ ശാക്തീകരണം സാധ്യമാക്കുന്ന കാര്യം സർക്കാർ പരിശോധിച്ചു വരുന്നു. |

(ഒപ്പ്)

സെക്ഷൻ ഓഫീസർ

# നിരീക്ഷണം

- കേരള കൈത്തറി തൊഴിലാളി ക്ഷേമനിധി ബോർഡിന്റെ പ്രവർത്തന മൂലധനം സ്വരൂപിക്കുന്നത് തൊഴിലാളി-തൊഴിലുടമ-സർക്കാർ അംശാദായം എന്നിവയിലൂടെയും, കേരള കൈത്തറി തൊഴിലാളി ക്ഷേമ സെസ്സ് വഴിയുമാണ്.

- തൊഴിലാളിക്ക് ലഭിക്കുന്ന പ്രതിമാസ വേതനത്തിന്റെ 10% തൊഴിലാളി വിതമായും, വേതനത്തിന്റെ 15% തൊഴിലുടമാ വിഹിതമായും ചേർത്ത് ലഭിക്കുന്ന അംശാദായവും, ടി തുക നിക്ഷേപിക്കുമ്പോൾ ലഭിക്കുന്ന പലിശയുമാണ് കേരള അബ്കാരി തൊഴിലാളി ക്ഷേമനിധി ബോർഡിന്റെ പ്രവർത്തന മൂലധനം.

- കേരള ആഭരണ തൊഴിലാളി ക്ഷേമനിധി ബോർഡിന്റെ പ്രധാന വരുമാനമാർഗ്ഗം വ്യാപാരി സെസ്സ്, തൊഴിലാളി അംശാദായം, സർക്കാർ അംശാദായം എന്നിവയാണ്.

  <u>വ്യാപാരി സെസ്സ്:</u> പത്തു ലക്ഷത്തിലധികം വാർഷിക വിറ്റുവരവുള്ള വ്യാപാരികളുടെ ഒരു വർഷത്തെ ആഭരണ വിറ്റുവരവിന്റെ 0.25% വരുന്ന തുകയാണ് സെസ്സ് ആയി ഈടാക്കുന്നത്.

  <u>തൊഴിലാളി അംശാദായം:</u> കേരള ആഭരണ തൊഴിലാളി ക്ഷേമനിധിയിൽ പ്രതിമാസം 20/- രൂപയാണ് തൊഴിലാളി അംശാദായമായി ഈടാക്കുന്നത്.

  <u>സർക്കാർ അംശാദായം :</u> തൊഴിലാളി അംശാദായമായി ലഭിക്കുന്ന തുകയുടെ 5% വരുന്ന തുകയാണ് സർക്കാർ അംശാദായമായി ലഭിക്കുന്നത്.

  സെസ്സ് പിരിവിനെതിരെ സ്റ്റേ നിലനിൽക്കുന്നതിനാൽ തൊഴിലാളി അംശാദായം, സർക്കാർ അംശാദായം എന്നിവയാണ് നിലവിൽ ബോർഡിന്റെ വരുമാന മാർഗ്ഗം.

- കേരള ഈറ്റ, കാട്ടുവള്ളി, തഴ തൊഴിലാളി ക്ഷേമനിധി ആക്ട് പ്രകാരമുള്ള തൊഴിലാളി-തൊഴിലുടമ അംശാദായവും മാച്ചിംഗ് ഗ്രാന്റ് ഇനത്തിൽ സർക്കാരിൽ നിന്ന് ലഭിക്കുന്ന തുകയും ടി മേഖലയിലെ വ്യാപാരികളിൽ നിന്നുള്ള വിറ്റുവരവിന്റെ ഒരു ശതമാനവും വ്യവസായിക ആവശ്യങ്ങൾക്കായി ഈറ്റ, ചൂരൽമുള, തഴ, കാട്ടുവള്ളി എന്നിവ സർക്കാരിൽ നിന്ന് വാങ്ങുന്നയാൾ നിധിയിലേയ്ക്ക് അടയ്ക്കുന്ന തത്തുല്യമായ തുക എന്നിവയാണ് കേരള ഈറ്റ, കാട്ടുവള്ളി, തഴ തൊഴിലാളി ക്ഷേമനിധി ബോർഡിന്റെ മൂലധനം.

- കേരള ചെറുകിട തോട്ടം തൊഴിലാളി ക്ഷേമനിധി ബോർഡിന്റെ പ്രവർത്തന മൂലധനം സമാഹരിക്കുന്നതിലേയ്ക്കായി ഓരോ തോട്ടം തൊഴിലാളിയും ഓരോ അർദ്ധവർഷത്തേയ്ക്കും 120/- രൂപ വീതം നിധിയിലേയ്ക്ക് അംശാദായമായി നൽകുന്നു. ഓരോ തൊഴിലുടമയും, തൊഴിലാളികളുടെ അംശാദായത്തിന് തത്തുല്യമായി 120/- രൂപ വീതം ഓരോ അർദ്ധ വർഷത്തേയ്ക്കു നിധിയിലേയ്ക്ക് അംശാദായമായി നൽകുന്നു. സ്വയം തൊഴിൽ ചെയ്യുന്ന ഓരോ അംഗവും ഓരോ അർദ്ധ വർഷത്തേയ്ക്കുമായി 240/- രൂപ വീതം ക്ഷേമനിധിയിലേയ്ക്ക് അംശാദായമായി നൽകുന്നു. മേൽ നിധിയിലേയ്ക്ക് ഓരോ തൊഴിലാളിക്കും/ഓരോ സ്വയം തൊഴിൽ ചെയ്യുന്ന ആർക്കും അർദ്ധ വർഷത്തിൽ 60/- രൂപ നിരക്കിൽ സർക്കാരും നൽകേണ്ടതുണ്ട്.

- കാർഷിക മേഖലയിൽ പണിയെടുക്കുന്ന തൊഴിലാളികളുടെ ക്ഷേമം ലക്ഷ്യമാക്കിയിട്ടുള്ള പ്രവർത്തനങ്ങളാണ് ബോർഡ് നടത്തിവരുന്നത്. തൊഴിലാളികൾക്ക് അംഗത്വം നൽകുന്നതിലൂടെ തൊഴിലാളികളിൽ നിന്നുള്ള അംശാദായം സ്വീകരിക്കുക, ഭൂവുടമാവിഹിതം പിരിച്ചെടുക്കുക, സ്ഥിരനിക്ഷേപങ്ങളിൻമേലുള്ള പലിശ എന്നിവയാണ് കേരള കർഷക തൊഴിലാളി ക്ഷേമനിധി ബോർഡിന്റെ പ്രവർത്തന മൂലധനം.

- കേരള ബീഡി-ചുരുട്ട് തൊഴിലാളി ക്ഷേമനിധി ബോർഡിന്റെ പ്രവർത്തന മൂലധനം സ്വരൂപിക്കുന്നത് തൊഴിലാളികളുടെ അംശാദായം, ഗവൺമെന്റ് ഗ്രാന്റ് തുടങ്ങിയവയിലൂടെയാണ്.

- കേരള തയ്യൽ തൊഴിലാളി ക്ഷേമനിധി ബോർഡിന്റെ പ്രവർത്തന മൂലധനം സ്വരൂപിക്കുന്നത് അംശാദായം, രജിസ്ട്രേഷൻ ഫീസ്, സർക്കാർ ഗ്രാന്റ്, സ്ഥിരനിക്ഷേപ പലിശ എന്നീ ഇനങ്ങളിൽ നിന്നാണ്.

- കേരള കശുവണ്ടി തൊഴിലാളി ആശ്വാസ ക്ഷേമനിധി ബോർഡിന്റെ പ്രവർത്തന മൂലധനം തൊഴിലാളികളിൽ നിന്നും തൊഴിലുടമകളിൽ നിന്നും സർക്കാരിൽ നിന്നും ഒരു പ്രവൃത്തി ദിവസത്തിന് ഒരു രൂപ നിരക്കിൽ ഈടാക്കുന്നതാണ്.

- കേരള സംസ്ഥാന അസംഘടിത തൊഴിലാളി സാമൂഹ്യ സുരക്ഷാ പദ്ധതിയിൽ അംഗത്വം നേടുന്ന തൊഴിലാളികളിൽ നിന്നും രജിസ്ട്രേഷൻ ഫീസായി സ്വീകരിക്കുന്ന 25/- രൂപയും പ്രതിമാസം 100/- രൂപ നിരക്കിൽ സ്വീകരിക്കുന്ന അംശാദായവും ബോർഡിന്റെ സ്ഥിരനിക്ഷേപങ്ങളിൽ നിന്നും ലഭിക്കുന്ന പലിശയുമാണ് കേരള സംസ്ഥാന അസംഘടിത തൊഴിലാളി സാമൂഹ്യ സുരക്ഷാ ബോർഡിന്റെ പ്രധാന വരുമാന മാർഗ്ഗം. കൂടാതെ പ്രതിമാസ അംശാദായമായി സ്വീകരിക്കുന്ന ഓരോ 100/- രൂപയ്ക്കും 10/- രൂപ നിരക്കിൽ സർക്കാർ ധനസഹായമായി ലഭിക്കുന്നു.

- കേരള തൊഴിലാളി ക്ഷേമനിധി ബോർഡിൽ തൊഴിലാളിയിൽ നിന്നും അർദ്ധവാർഷികമായി ലഭിക്കുന്ന 4 രൂപയും തൊഴിലുടമയിൽ നിന്നും ലഭിക്കുന്ന 8 രൂപയും നിരക്കിൽ പ്രതിവർഷം ആകെ 24 രൂപയാണ് (പ്രതിവർഷം 8-16 രൂപ നിരക്ക്) പ്രവർത്തന മൂലധനം.

- കേരള കള്ള് വ്യവസായ തൊഴിലാളി ക്ഷേമനിധിയിൽ അംഗങ്ങളായ തൊഴിലാളികളിൽ നിന്നും സ്വരൂപിക്കുന്ന അംശാദായം ആണ് ബോർഡിന്റെ പ്രവർത്തന മൂലധനം. തൊഴിലാളിയുടെ തൽസമയം നൽകേണ്ട വേതനത്തിന്റെ 10 ശതമാനം തൊഴിലാളി വിഹിതമായും, 15 ശതമാനം തൊഴിലുടമ വിഹിതമായും നിധിയിലേയ്ക്ക് അംശാദായമായി ഒടുക്കണം. (16% പ്രൊവിഡന്റ് ഫണ്ട്, 4% പെൻഷൻ ഫണ്ട്, 5% ഗ്രാറ്റുവിറ്റി)

- തൊഴിലുടമ ലെവി ഇനത്തിൽ സ്വരൂപിക്കുന്ന തുകയാണ് കേരള ചുമട്ടുതൊഴിലാളി ക്ഷേമബോർഡിന്റെ മൂലധനം.

- കെട്ടിട ഉടമകളിൽ നിന്നും സ്വീകരിക്കുന്ന 1% സെസ്സ് തുകയും, കേന്ദ്ര സംസ്ഥാന പൊതുമേഖലാ സ്ഥാപനങ്ങളിൽ നിന്നും നടപ്പിലാക്കുന്ന വിവിധ നിർമ്മാണ പ്രവൃത്തികളിൽ നിന്നും നിയമാനുസരണം ഈടാക്കുന്ന 1% സെസ്സ് തുകയും അംഗതൊഴിലാളികളിൽ നിന്നു സ്വീകരിക്കുന്ന അംശാദായവുമാണ് കേരള ബിൽഡിംഗ് ആന്റ് അദർ കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫെയർ ബോർഡിന്റെ പ്രവർത്തന മൂലധനം.

- തൊഴിലാളി തൊഴലുടമാ ക്ഷേമനിധി വിഹിത ഇനത്തിൽ സമാഹരിക്കുന്ന തുകയുടെ നിശ്ചിത ശതമാനം പ്രവർത്തന മൂലധനമായി മോട്ടോർ ക്ഷേമനിധി ബോർഡിൽ സ്വരൂപിക്കുന്നു.

- കേരള ഷോപ്പ്സ് ആന്റ് കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് ക്ഷേമനിധി ബോർഡ്- ബാങ്കുകൾ മുഖേന സ്വരൂപിക്കുന്ന തുക ട്രഷറിയിലും, ബാങ്കുകളിലും സ്ഥിരനിക്ഷേപമാക്കുകയും അതിൽ നിന്നുള്ള പലിശ ഉപയോഗിച്ചാണ് ബോർഡിന്റെ പ്രവർത്തന മൂലധനം കണ്ടെത്തുന്നത്. കൂടാതെ ഓരോ അംഗവും പ്രതിമാസം ഫണ്ടിലേയ്ക്ക് അടയ്ക്കേണ്ട തൊഴിലാളി വിഹിതത്തിന്റെ 25 ശതമാനത്തിന് തുല്യമായ തുക ഷെയർ കോൺട്രിബ്യൂഷൻ ഇനത്തിൽ ഗ്രാന്റായി സർക്കാരിൽ നിന്നും ലഭിക്കുന്നതിന് വ്യവസ്ഥയുണ്ട്.

സെക്ഷൻ ഓഫീസർ.